# കനകച്ചിലങ്ക

## ടീച്ചിംഗ് മാന്വൽ

## — മലയാളം —

Scanned with OKEN Scanner

# ടീച്ചിംഗ് മാന്വൽ

പഠനലക്ഷ്യം : നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം ചൊല്ലിയും താളം പിടിച്ചും ആശയം ഗ്രഹിച്ചും ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

ആശയം, ധാരണ : നാടൻ പാട്ടുകൾക്ക് രസം നൽകുന്നത് അവയുടെ താളമാണ്.

: നാടൻ പാട്ടുകളുടെ താളാത്മകതക്ക് അടിസ്ഥാനം അവയുടെ വായ്ത്താരികളാണ്.

പ്രവർത്തനം :

| പ്രവർത്തനം | വിലയിരുത്തൽ. |
|---|---|
| (അധ്യാപകൻ കുട്ടികളുമായി സൗഹൃദസംഭാഷണത്തിൽ ഏർപ്പെടുന്നു<br><br>. വാക്കുകൾ കേൾപ്പിക്കുന്നു.<br><br>(ICT സാധ്യത.)<br><br>Cut24<br>ഓഡിയോ കേൾപ്പിക്കുന്നു<br><br>(അത് പോലെ പാടുന്നു —<br><br>വാക്കുകൾ കുട്ടികളെ പഠിപ്പിക്കുന്നു<br><br>I തന്താനേ താനേ തന<br>തന്താനേ താനേ..<br>തന്താനേ താനേ തന .<br>തന്താനം താനേ...<br><br>II താനാ തന തന<br>താനാ തന തന<br>താനാ തന തന<br>തന്നിന്നാം . | |

| വ്യവഹാരം. | വിലയിരുത്തൽ. |
| --- | --- |
| B. R.C ബേസിക് നമ്പർ 9 -ലെ തിനാരോ തക് എന്ന വായ്ത്താരി/നാടൻ പാട്ടും ഉടിക്കൽ സ്വയം ഈണം കണ്ടെത്തി പാടുന്നു. (ഗ്രൂപ്പ് ആയി തിരിഞ്ഞ്) | |
| ഗ്രൂപ്പ് തല അവതരണം. | |
| സങ്കേതങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു. | |
| അധ്യാപകൻ ആശയ ഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു.<br>* കുന്നിൻ മുകളിൽ എന്താണുള്ളത്?<br>* മൂന്നാം വരിയിലെ പൂവിന്റെ പേരെന്താണ്?<br>* ...<br>* ... | |
| ആശയഗ്രഹണത്തിനു ശേഷം വ്യക്തിഗത അവതരണം / ഗ്രൂപ്പ് അവതരണം | |

## തുടർപ്രവർത്തനം

- ഒരു നാടൻ പാട്ടിന് തുടർച്ചയായി 4 വരികൾ കൂട്ടിച്ചേർത്ത് എഴുതുക.
- നാടൻ പാട്ട് താളമിട്ടു പാടിയതിന്റെ വീഡിയോ റെക്കോർഡിംഗ്.

Scanned with OKEN Scanner

## യൂണിറ്റ് - കനകച്ചിലങ്ക

### പഠനലക്ഷ്യങ്ങൾ :-

1. കവിത വായിച്ചും കേട്ടും, സ്വയം വായിച്ചും ആശയം ഗ്രഹിച്ച്, ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ഒസ്കരമായി അവതരിപ്പിക്കുക.

2. നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം ചൊല്ലിയും താളം പിടിച്ചും, ആശയം ഗ്രഹിച്ചും, ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

### ആശയം:-

1. കവിതയിൽ നിന്ന് ശബ്ദചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയും.
2. കവിതയ്ക്ക് ഒന്നു പറഞ്ഞ് മറ്റൊന്ന് ധ്വനിപ്പിക്കാൻ കഴിയും.

### ശേഷികൾ

1. കവിതകൾ കേട്ടും ചൊല്ലിയും അതിൽ അടങ്ങിയിരിക്കുന്ന താളം ആസ്വദിക്കുന്നു.

Scanned with OKEN Scanner

## മൂല്യം: മനോഭാവം

1. അനുഭവങ്ങളിൽ നിന്നും ആർജ്ജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ച് നോക്കുന്ന ശീലം.
2. കേൾക്കുന്നവരിൽ ഇമ്പം വളർത്തുന്ന വിധത്തിൽ ഗദ്യഭാഗങ്ങളും, പദ്യ കവിതയും സൂക്ഷ്മതയോടെയും ജാഗ്രതയോടെയും അവതരിപ്പിക്കുന്ന ശീലം.

## പ്രവർത്തനം

- കവിത താളാത്മകമായി ചൊല്ലൽ
- കവിതയുമായി ബന്ധപ്പെട്ട ചിത്രരചന
- വരികൾ കൂട്ടിച്ചേർക്കുക.

## വ്യവഹാരരൂപം

- കഥ
- ചിത്രരചന
- സംഭാഷണം
- ഡയറിക്കുറിപ്പ്.

## വിലയിരുത്തൽ സൂചകങ്ങൾ.

- താളബോധം
- സങ്കൽപ്പ ചിത്രങ്ങൾ രൂപപ്പെടുത്തലിൽ.

Scanned with OKEN Scanner

| പ്രവർത്തനം. | പ്രതികരണം. |
| --- | --- |
| - കുട്ടികളോട് കവിത സ്വന്തമായി ചൊല്ലിയവതരിപ്പിക്കാൻ പറയുന്നു. ശേഷം ടീച്ചറും കുട്ടികളും കൂടി ചൊല്ലുന്നു. ഈരടികൾ മാറിമാറി ചൊല്ലാൻ ശ്രദ്ധപ്പെടുത്തുന്നു. വേറിട്ടെഴുതി തയ്യാറാക്കിയ ഈരടി സ്ലിപ്പുകൾ ടീച്ചർ മാറി മാറി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ഓരോ കുട്ടിയും നന്നായി കവിത ചൊല്ലാൻ ടീച്ചർ പ്രോത്സാഹിപ്പിക്കുന്നു. | |
| **താളം, താളം സംഗമതാളം** | |
| - കവിതയിലെ ഓരോ വരികൾക്കും ഒരേ തവണ താളമടിക്കുന്നു എന്ന് കണ്ടെത്തുന്നതിന് ഓരോ കുട്ടിയെ കൊണ്ടും താളമടിച്ച് പാടാൻ പറയുന്നു. | |
| കാക്കിരി പൂക്കിരി തേൻമാവിന്റെ<br>എത്താക്കൊമ്പത്ത്<br>കാക്കിരി പൂക്കിരി മാങ്ങക്കുലകളങ്ങനെ<br>പഴുത്തു തൂങ്ങുന്നു. | |
| അടിവരയിട്ട കവിതയുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു. | |

അതിലൂടെ അടിവരയിട്ട
അക്ഷരങ്ങൾ ചൊല്ലുമ്പോ
ഴാണ് താളം പിടിക്കുന്നത്
എന്നും, കൊമ്പത്ത്, എന്നും
തൂങ്ങുന്ന എന്നും നീട്ടിച്ചൊ-
ല്ലുമ്പോഴാണ് താളം പൂർണ
മാകുന്നത് എന്ന് കുട്ടികൾക്ക്
പറഞ്ഞു മനസ്സിലാക്കുന്നു. കുട്ടി-
കളെ ചെറുഗ്രൂപ്പാക്കി (പ്രഭാത
വേളയിൽ കവിത അവതരിപ്പി-
ക്കാൻ അവസരം കൊടുക്കുന്നു.

## വാക്കും അർത്ഥവും.

കവിതയുമായി ബന്ധപ്പെട്ട ചില
ചോദ്യങ്ങൾ ചോദിക്കുന്നു, അതി-
ലൂടെ വരികളുടെ വ്യത്യസ്ത-
മായ അർത്ഥങ്ങൾ കണ്ടെത്താൻ
പറയുന്നു, ടീച്ചർ സഹായിക്കുന്നു.

ചോദ്യങ്ങൾ ***

ഓരോ കുട്ടിയും കണ്ടെത്തിയ
വ്യത്യസ്ത അർത്ഥങ്ങൾ നോട്ടു
ബുക്കിൽ കുറിക്കാൻ പറയുന്നു.
അതിലൂടെ ചിത്രങ്ങൾ സങ്ക-
ൽപ്പിച്ച് വരച്ചു ചേർക്കാൻ
പറയുന്നു.

ഗ്രൂപ്പ്: 2

# Teaching manual – മലയാളം

യൂണിറ്റ്: 1. കനകച്ചിലങ്ക → മൊഡ്യൂൾ: 2.

പഠനലക്ഷ്യങ്ങൾ

* നാടൻപാട്ട് ചൊല്ലിക്കേട്ടും, സ്വയം ചൊല്ലിയും, താളം പിടിച്ചും ആശയം ഗ്രഹിച്ചും ആസ്വദിക്കുന്നതിന് അവസരം കണ്ടെത്തുക
* സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി രസകരമായി ചൊല്ലുക.

ആശയം

നാടൻപാട്ടുകളുടെ താളാത്മകതയ്ക്ക് അടിസ്ഥാനം വായ്ത്താരികളാണ്.

ശേഷി: ആവശ്യമായ സന്ദർഭങ്ങളിൽ വായ്ത്താരികൾ കണ്ടെത്തി ഉപയോഗിക്കുന്നു.

മൂല്യം/മനോഭാവം: ആഘോഷങ്ങളിൽ നിന്നും ഉൾക്കൊള്ളിച്ചെടുത്ത് താളബോധം പുതിയ കവിതകളിലും, പാട്ടുകളിലും ഉപയോഗിച്ചു നോക്കുന്ന ശീലം

പ്രക്രിയ: നാടൻപാട്ട് അവതരണം, വായ്ത്താരി, താളം കണ്ടെത്തൽ (വായ്ത്താരി), കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ

വ്യവഹാര രൂപം: നാടൻപാട്ട്

വിലയിരുത്തൽ സന്ദർഭം:
* കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ
* വായ്ത്താരികൾ താളമിട്ട് ചൊല്ലൽ
* വായ്ത്താരികൾ ചൊല്ലൽ

സാമഗ്രികൾ: ICT, വായ്ത്താരികൾ - ചാർട്ട്.

Scanned with OKEN Scanner

പ്രവർത്തനങ്ങൾ

→ Entry Activity :- (നാടൻപാട്ട്)

ക്രോഡീകരണം

● താളമിട്ടുചൊല്ലാം

→ ടീച്ചർ 'തകരപ്പാട്ട്' താളമിട്ടു പാടുന്നു.

→ കൂടെ കുട്ടികളും താളമിടുന്നു.

→ പിന്നീട് 'T.B. page No: 9'-ലെ 'വനമാലിച്ചന്തം' എന്ന ഭാഗത്തേക്ക്....

→ വായന - വ്യക്തിഗതം

→ ആശയം കണ്ടെത്താൻ അവസരം

→ അവതരണം.

→ ഗ്രൂപ്പ് തിരിയൽ

→ ഗ്രൂപ്പിൽ ആശയം, താളം കണ്ടെത്തി അവതരണത്തിന് അവസരം

→ 'മികച്ച' ആശയം കണ്ടെത്തിയ ഗ്രൂപ്പിനെ പ്രോത്സാഹിപ്പിക്കുന്നു.

→ T.T. കവിത 'നാടൻപാട്ട്' അവതരണം

→ കുട്ടികളും കൂടെ, പാടുന്നു.

→ [ICT ഉപയോഗിച്ച് കേൾപ്പിക്കുന്നു].

ശേഷം,

താളത്തിന്റെ അടികൾ വരുന്ന അക്ഷരങ്ങൾക്ക് എഴുതിത്തയ്യാറാക്കിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

→ [പ്രയാസം നേരിടുന്ന കുട്ടികൾക്ക് ചാർട്ട് നോക്കി പാടാൻ അവസരം]

* വരികൾ കൂട്ടിച്ചേർക്കാം.

→ 'വലമെരിച്ചാലും' - പാട്ടിനു വരികൾ കൂട്ടിച്ചേർക്കാൻ അവസരം. — (N.B. യിൽ)

→ ഗ്രൂപ്പുകളിൽ അവതരണം.

→ ചർച്ചയിലൂടെ രൂപപ്പെടുത്തിയ സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു.

→ മെച്ചപ്പെടുത്തി എഴുതുന്നു. [രചനാശേഖരത്തിലേക്ക്]

→ ഓരോ ഗ്രൂപ്പിന്റെയും താളമിട്ട് പാടി അവതരണം.

→ അധ്യാപിക വായ്ത്താരികൾ ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.

→ വാദ്യോപകരണങ്ങളുടെ സഹായത്തോടെ അവ താളത്തിൽ ചൊല്ലുന്നു.

→ വായ്ത്താരി നിർമ്മാണം — വായ്ത്താരിച്ചന്തം (Teacher Text Page 14)

ചില പുതിയ വായ്ത്താരികൾ ഒന്നെങ്കിലും വാദ്യത്തിൽ വായിച്ചത് കേൾപ്പിക്കുന്നു. [ICT].

കൊട്ടുന്നത് കേട്ട് താളം തിരിച്ചറിയുന്നു.

താളത്തിനു ചേരുന്ന അക്ഷരങ്ങൾ ചേർത്ത് സ്വയം വായ്ത്താരി ഉണ്ടാക്കി അവതരിപ്പിച്ച് N.B. യിലേക്ക്.

## തുടർപ്രവർത്തനങ്ങൾ

* നാടൻപാട്ട്
* വായ്ത്താരികൾ

→ ശേഖരണപുസ്തകത്തിലേക്ക്.. അവതരണം.

# പാഠാസൂത്രണം.

കനകച്ചിലങ്ക.

Scanned with OKEN Scanner

* പഠനലക്ഷ്യങ്ങൾ *

- കടങ്കഥകൾ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമിച്ചു പങ്കിടുക.
- അപരിചിത പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിച്ചു രസിക്കുക.

- പ്രവർത്തനം.

1) പ്രവേശക പ്രവർത്തനം:-

ടീച്ചർ ഒരു കടങ്കഥ അവതരിപ്പിക്കുന്നു.

"ഏഴുനിറത്താൽ തീർത്തൊരു വില്ലിന് -
അമ്പു തൊടുക്കാൻ ഞാണില്ല. - കുട്ടികൾ പറയുന്ന ഉത്തരം B.B.യിൽ രേഖപ്പെടുത്തുന്നു. ചർച്ചയിലൂടെ ശരിയുത്തരത്തിലേക്കെത്തുന്നു. (മഴവില്ല്).

2) ആകാശക്കാഴ്ചകൾ:-(കവിതയിലേക്ക്)(മാനത്തെ കാഴ്ചകൾ)

വ്യക്തിഗത വായന-(ആശയഗ്രഹണ വായന)
ആശയഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു. ഗ്രൂപ്പിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നു. ടീച്ചറുടെ വായന.

Scanned with OKEN Scanner

ആദ്യവരികളിൽ സൂചിപ്പിക്കുന്നതെന്ത്? കുട്ടികളുടെ പ്രതികരണം (ആകാശം). (TB) ആദ്യചോദ്യം - ചർച്ച. (വിഭയിലേക്ക്)

- ആദ്യ രണ്ടുവരികൾ ടീച്ചർ ഉറക്കെ വായിക്കുന്നു.
- "നീര്" എന്താണ് - കുട്ടികളുടെ പ്രതികരണം (വിഭയിലേക്ക്)
- അർത്ഥം ഊഹിച്ച് / നിഘണ്ടുവിൽ നിന്ന് കണ്ടെത്തുന്നു.
- ആകാശത്തെക്കുറിച്ചുള്ള വരികൾ മുഴുവനായി വായിക്കുന്നു.
- ആകാശം ഉത്തരമായി വരുന്ന മറ്റു കടങ്കഥകൾ അറിയാമോ? കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു, അവതരിപ്പിക്കുന്നു.
- ആദ്യഭാഗം ഗ്രൂപ്പുകളിൽ ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു.
- കവിതയുടെ അടുത്ത രണ്ട് ഭാഗങ്ങളിലും ഇതേ പ്രക്രിയ ആവർത്തിക്കുന്നു.
- അപരിചിതപദങ്ങൾ അർത്ഥം കണ്ടെത്തി പദശേഖരത്തിലുൾപ്പെടുത്തുന്നു
- കുട്ടികൾ ഗ്രൂപ്പിൽ കൂടുതൽ കടങ്കഥകൾ കണ്ടെത്തി എഴുതുന്നു. കടങ്കഥാപയറ്റ് നടത്തുന്നു.
- മഴവില്ലിനെക്കുറിച്ചുള്ള കടങ്കഥ ഒന്നുകൂടി പറയുന്നു.
- നക്ഷത്രം, ചന്ദ്രൻ ഇവ ഉത്തരമായി വരുന്ന കടങ്കഥകൾ നമുക്ക് നിർമ്മിച്ചാലോ?
- സവിശേഷതകൾ - ചർച്ചയിലൂടെ കടങ്കഥ രൂപപ്പെടുത്തുന്നു
- ഉദാഹരണം:- 1) "മാനത്തെ വപ്പടം
  തിന്നുവാൻ കിട്ടില്ല."
- ഗ്രൂപ്പിൽ കടങ്കഥാ നിർമ്മാണം - അവതരണം.
- TB പ്രവർത്തനം (പേജ് 22) കടങ്കഥാ നിർമ്മാണം.

Scanned with OKEN Scanner

* ചിത്രവായന
* ചിത്രത്തിലെന്തെല്ലാം - പ്രതികരണം ബോർഡിലേക്ക്.
* ഓട്ടോറിക്ഷ - എത്ര ചക്രങ്ങൾ? ഏതിലൂടെ ഓടുന്നു.....
* പ്രത്യേകതകൾ കുട്ടികൾ പറയുന്നവ ടീച്ചർ ബോർഡിലേക്ക് എഴുതുന്നു.
* ഇക്കാര്യങ്ങൾ ചർച്ചയിലൂടെ മാറ്റംവരുത്തി കടങ്കഥാരൂപത്തിലാക്കി ടീച്ചർ ബോർഡിൽ എഴുതുന്നു.
* കുട്ടികൾ വായിക്കുന്നു. ~~ഇത്തേരി~~.
* ചിത്രത്തിലെ മറ്റു കാര്യങ്ങളെക്കുറിച്ചുള്ള കടങ്കഥകൾ ഗ്രൂപ്പുകളിൽ തയ്യാറാക്കുന്നു.
* ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ ചാർട്ടിലേക്ക്-
* ഗ്രൂപ്പ് അവതരണം.
* കടങ്കഥാ പതിപ്പ് നിർമ്മാണം.
* ക്രോഡീകരിച്ച് കുട്ടികൾ നോട്ടുബുക്കിലേക്കെഴുതുന്നു.
* അവതരണങ്ങൾ വീഡിയോയിൽ ചിത്രീകരിച്ച് രക്ഷിതാക്കളിലേക്കെത്തിക്കുന്നു.

Scanned with OKEN Scanner